**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2016–ലെ എം.ബി.ബി.എസ്, ബി.ഡി.എസ്, മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

## പുതുതായി ഉൾപ്പെടുത്തിയ ഡെന്റൽ കോളേജുകളിലേയ്ക്ക് ഓപ്ഷനുള്ള സൗകര്യം

2016-ലെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെയും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് **06.09.2016** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്.

മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, **പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം** എന്നിവ **06.09.2016**, **1 pm** വരെ ലഭ്യമാകുന്നതാണ്. **02.09.2016** ലെ ഈ ഓഫീസ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വാശ്രയ മെഡിക്കൽ/ ഡെന്റൽ കോളേജുകൾക്കു പുറമെ രണ്ട് സ്വാശ്രയ ഡെന്റൽ കോളേജുകളിലേയ്ക്കു കൂടി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും പ്രസ്തുത അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.**

അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീണറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം
03.09.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**